**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3072** **18-03-2022 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളി പഞ്ചായത്തിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതി പ്രകാരമുള്ള മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (എ) | സർവ്വേ പ്രകാരം 85 ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. മാറി താമസിക്കുവാൻ താൽപ്പര്യം അറിയിച്ചിരിക്കുന്നത് 39 പേരാണ്. |
| (ബി) | പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി വാടാനപ്പള്ളി പഞ്ചായത്തിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും എത്ര വീടുകളുടെ നിർമ്മാണം ആരംഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | നിർമ്മാണം പൂർത്തീകരിച്ചത് 12 വീടുകൾ. നിർമ്മാണം പുരോഗമിക്കുന്നത് 8 വീടുകൾ.എഗ്രിമെന്റ് വച്ചതിൽ ഇനി ഭവനനിർമ്മാണം ആരംഭിക്കുവാനുള്ളത് ഒരു ഗുണഭോക്താവാണ് . |
| (സി) | പ്രസ്തുത പഞ്ചായത്തിൽ അർഹരായ മുഴുവൻ പേരെയും മാറ്റി പാർപ്പിക്കുന്നതിനായി എല്ലാ വീടുകളുടെയും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | അർഹരായിട്ടുള്ള 34 പേരിൽ ബാക്കിയുള്ള 13 പേരുടെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഒരു ഗുണഭോക്താവിന്റെ ഭൂമിവില ഡി .എൽ.എം.സി യിൽ നിശ്ചയിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി ലാന്റ് വാല്യവേഷനുവേണ്ടി ചാവക്കാട് തഹസിൽദാർക്ക് നൽകിയിട്ടുണ്ട്. ഇനി 7 പേർ ഭൂമി കണ്ടെത്തുവാനുണ്ട് . ഈ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് ഭവന നിർമ്മാണം വേഗത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ